(എഫ്) ആരോഗ്യം, വാണിജ്യം, പെട്രോളിയം, ടൂറിസം, വ്യവസായം, ഫുഡ് പ്രോസസിംഗ്, ഹോട്ടൽ മുതലായ മേഖലകളിലും, സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ തുടങ്ങാനും സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.

4 (2189) സ്വാതന്ത്ര്യ സുവർണ്ണജൂബിലി പ്രമാണിച്ചുള്ള കേന്ദ്രസഹായം

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികാഘോഷങ്ങൾക്കു വേണ്ടിയോ അതിനോടനുബന്ധിച്ച് യുവജനങ്ങളിൽ സ്വാതന്ത്ര്യ ബോധം ഉദ്ദീപിപ്പിക്കുന്നതിനുവേണ്ടിയോ കേന്ദ്രത്തിൽനിന്നു സംസ്ഥാനത്തിന് എന്തെങ്കിലും സഹായം ലഭിച്ചിരുന്നുവോ;

(ബി) എങ്കിൽ എന്തുതുക ഇതിനായി ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഈ തുക അനുവദിക്കുമ്പോൾ കേന്ദ്രം എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നുവോ; എങ്കിൽ അതിന്റെ വിശദവിവരം നൽകുമോ;

(ഡി) കേന്ദ്രത്തിൽ നിന്നു കിട്ടിയ തുക ജില്ലകൾക്കു വീതിച്ചു നൽകുകയുണ്ടായോ; എങ്കിൽ എന്നാണ് വീതിച്ചു നൽകിയത്;

(ഇ) ഓരോ ജില്ലയ്ക്കും എന്തുതുക വീതം നൽകിയെന്ന് വ്യക്തമാക്കുമോ;

(എഫ്)ഓരോ ജില്ലയും പ്രസ്തുത തുക എപ്രകാരം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) സ്വാതന്ത്ര്യ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപനചടങ്ങുകളുടെ ചെലവിലേക്കായി 40 ലക്ഷം രൂപ കേന്ദ്രസർക്കാർ അനുവദിച്ചിരുന്നു.

(സി) നിർദ്ദേശം നൽകിയിരുന്നു. 1998 മേയ് അഞ്ചാം തീയതിയിലെ കേന്ദ്ര സർക്കാർ കത്തിൽ പറഞ്ഞിരുന്ന പരിപാടികൾക്കു മാത്രമേ തുക ചെലവഴിക്കുവാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിരുന്നു.

(ഡി) 10.8.98 ലേയും 14.8.98 ലേയും സർക്കാർ ഉത്തരവ് പ്രകാരം എല്ലാ ജില്ലകൾക്കും തുക നൽകിയിട്ടുണ്ട്.

(ഇ)

കാസർഗോഡ്	1.5 ലക്ഷം രൂപ
കണ്ണൂർ	1.5 ലക്ഷം രൂപ
വയനാട്	1.5 ലക്ഷം രൂപ
കോഴിക്കോട്	2.0 ലക്ഷം രൂപ
മലപ്പുറം	1.5 ലക്ഷം രൂപ
പാലക്കാട്	1.5 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ	1.5 ലക്ഷം രൂപ
എറണാകുളം	2.0 ലക്ഷം രൂപ
ഇടുക്കി	1.5 ലക്ഷം രൂപ
കോട്ടയം	1.5 ലക്ഷം രൂപ
ആലപ്പുഴ	1.5 ലക്ഷം രൂപ
പത്തനംതിട്ട	1.5 ലക്ഷം രൂപ
കൊല്ലം	1.5 ലക്ഷം രൂപ
തിരുവനന്തപുരം	1.2 ലക്ഷം രൂപ

(എഫ്) സ്വാതന്ത്ര്യ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപന ചടങ്ങിൽ വിവിധ പരിപാടികൾക്കായാണ് ചെലവഴിച്ചത്.

5 (2190) സംസ്ഥാനം നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങൾ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന പ്രധാന പരിസ്ഥിതി പ്രശ്നങ്ങൾ ശ്രദ്ധ യിൽപ്പെട്ടിട്ടുള്ളത് ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) പ്ലാസ്റ്റിക് പരിസ്ഥിതിക്ക് ഉയർത്തുന്ന അപകടം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(സി) നിയമസഭാ പരിസ്ഥിതി കമ്മിറ്റി ഇതു സംബന്ധിച്ച് നൽകിയ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത റിപ്പോർട്ടിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിന് എന്ത് നടപടി ഇതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മണ്ണൊലിപ്പ്, മണൽവാരൽ, ശുദ്ധജല മേഖലയിലെ ഉപ്പുവെള്ള ത്തിന്റെ തള്ളിക്കയറ്റം, താഴ്ന്ന പ്രദേശങ്ങൾ നികത്തിയെടുക്കൽ, ഉപരിതല ജല സമുച്ചയങ്ങൾ നികത്തൽ, വനനശീകരണം, വായു, ജല മലിനീകരണം തുടങ്ങിയവയാണ് സംസ്ഥാനത്തെ പ്രധാന പരിസ്ഥിതി പ്രശ്നങ്ങൾ. കൂടാതെ ഉരുൾ പൊട്ടൽ, ചെറുഭൂമികുലുക്കം, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളും പരിസ്ഥിതി പ്രശ്നങ്ങൾക്ക് വഴിവയ്ക്കുന്നു.

(ബി)&(സി) ഉണ്ട്.

(ഡി)

1) പ്ലാസ്റ്റിക്കിന്റെ അമിതോപയോഗം നിയന്ത്രിക്കുന്നതിന് നിയമപരമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2) ഒന്നാംഘട്ടമെന്നനിലയിൽ പ്ലാസ്റ്റിക് കവറുകൾ, പായ്ക്കിംഗ് മെറ്റീരി യൽസ്, പരിസ്ഥിതിക്ക് ഏറെ ദോഷം ചെയ്യുന്ന ടംബ്ലറുകൾ, സ്ട്രാകൾ, പെറ്റ് ബോട്ടിലുകൾ, കവറിംഗ് മെറ്റീരിയൽസ് മുതലായവയുടെ ഉൽപ്പാദനവും ഉപ

LIBRARY ARCHIVES Kerala Legislative Assembly